"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോട്ടയം ഏന്തയാർ ജെ.ജെ. മർഫി മെമ്മോറിയൽ എച്ച്.എസ്.എസ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടും ലാബ് അസിസ്റ്റന്റ് ശ്രീ.ബിജു ജോസഫ് ഫയൽ ചെയ്ത **WPC 15884/2025** നമ്പർ റിട്ട് പെറ്റീഷനിൽ **31.07.2025** തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ചു കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**3194/2026/GEDN** തീയതി,തിരുവനന്തപുരം, **11-05-2026**

---

പരാമർശം:-

1. മാനേജരുടെ **23.05.2024, 31.12.2024** തീയതികളിലെ പുനഃപരിശോധനാ ഹർജികൾ.
2. **24/02/2025** ലെ സ.ഉ(സാധാ) നം **1573/2025**/പൊ.വി.വ സർക്കാർ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **21.05.2025, 16.12.2025** തീയതികളിലെ യഥാക്രമം **HSE/10775/2024-Exam VIII-3, HSE/30615/2025-Acd B4** നമ്പർ റിപ്പോർട്ടുകൾ.
4. **15884/2025** നമ്പർ റിട്ട് പെറ്റീഷനിൽ **31.07.2025** തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
5. കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **15.12.2025** തീയതിയിലെ **RDDHSE/KTM/2222/2023-A4** നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ഏന്തയാർ ജെ.ജെ.മർഫി മെമ്മോറിയൽ എച്ച്.എസ്.എസ് -ലെ ലാബ് അസിസ്റ്റന്റ് ശ്രീ.ബിജു ജോസഫ് ഫയൽ ചെയ്ത **WPC 15884/2025** നമ്പർ റിട്ട് പെറ്റീഷനിൽ പരാമർശം **(4)** വിധിന്യായ പ്രകാരം, **23.05.2024, 31.12.2024** തീയതികളിൽ **3**ാം എതിർകക്ഷി സമർപ്പിച്ചിട്ടുള്ള റിവിഷൻ പെറ്റീഷനിൽ ഹർജിക്കാരനെയും **3**ാം എതിർകക്ഷിയെയും കേട്ട് വിധിന്യായത്തിന്റെ പകർപ്പ് കിട്ടി മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം

നൽകിയിരുന്നു.

2.മേൽ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയതിൻ പ്രകാരം 18.12.2025-ന് ഹർജിക്കാരനെയും, ശ്രീ.ഡോൺസൺ ജേക്കബിനെയും, മാനേജരേയും (3ാംം എതിർകക്ഷി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും, കോട്ടയം മേഖലാ ഉപഡയറക്ടറുടേയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പൊതുവിദ്യാഭ്യാസ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

3. ശ്രീ ബിജു ജോസഫിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

i) ജെ.ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ ദീർഘകാലമായി സേവനം അനുഷ്ഠിച്ചുവരുന്നു. ഒരു ലാബ് അസിസ്റ്റന്റായ എന്റെ നിയമന വ്യവസ്ഥകൾ പ്രകാരം, ലാബ് അസിസ്റ്റന്റിന്റെ ജോലികൾ പ്രായോഗിക പരീക്ഷകളുമായി ബന്ധപ്പെട്ട ലബോറട്ടറി ചുമതലകളാണുള്ളത്. നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി എന്നത് എന്റെ സേവന നിബന്ധനകളിലോ നിയമന ഉത്തരവിലോ ഉൾപ്പെട്ടിട്ടുള്ളതല്ല. 04.10.2023-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാബ് അസിസ്റ്റന്റുകളെ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടിക്ക് നിയോഗിക്കണമെന്ന നിർദേശം പുറപ്പെടുവിക്കപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് WA No. 103 & 128 / 2024-ൽ നൽകിയ വിധിയിലൂടെ പ്രസ്തുത സർക്കാർ ഉത്തരവ് നിയമപരമായി നിലനിൽക്കാത്തതാണെന്ന് പ്രഖ്യാപിച്ച് റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച എല്ലാ നിർദേശങ്ങളും സ്വീകരിച്ച നടപടികളും ശിക്ഷാനടപടികളും നിയമപരമായി അടിസ്ഥാനമില്ലാതായി മാറിയിരിക്കുകയാണ്.

ii) സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടും, സ്കൂൾ മാനേജർ എനിക്കെതിരെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവെക്കുന്ന ശിക്ഷ ഏർപ്പെടുത്തി. ഈ ശിക്ഷ നിയമപരമായി നിലനിൽക്കില്ലെന്ന കാര്യം ബോധ്യപ്പെട്ടതിനാലാണ് ബന്ധപ്പെട്ട അധികാരി ശിക്ഷയ്ക്ക് അനുമതി നിഷേധിച്ചത്. അതിനാൽ തന്നെ, ശിക്ഷാനടപടികൾ നിയമവിരുദ്ധവും അസാധുവുമാണ്. എനിക്ക് ഏർപ്പെടുത്തിയ സസ്പെൻഷൻ ഒരു നിയമവിരുദ്ധ ഉത്തരവിനെ അനുസരിക്കാതിരുന്നതിന്റെ പേരിലാണ്. പിന്നീട് ആ ഉത്തരവ് തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ, ആ സസ്പെൻഷന് നിയമസാധുത ഇല്ല. അസാധുവായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ സസ്പെൻഷൻ കാലയളവ് "ഡ്യൂട്ടിയായി" കണക്കാക്കേണ്ടതാണ്.

iii) ഞാൻ സമർപ്പിച്ച അപ്പീൽ പരിഗണിച്ച ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ **11.12.2024**-ലെ ഉത്തരവിലൂടെ ബന്ധപ്പെട്ട അപ്പീൽ അധികാരി എന്റെ സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്യണമെന്ന് വ്യക്തമായി നിർദേശിച്ചെങ്കിലും ഈ ഉത്തരവിനെതിരെ സ്കൂൾ മാനേജർ റിവിഷൻ അപേക്ഷ സമർപ്പിച്ച് വിഷയം വീണ്ടും നീട്ടിക്കൊണ്ടു പോകുകയാണ്. സർക്കാർ ഉത്തരവ് തന്നെ റദ്ദാക്കിയ സാഹചര്യത്തിൽ, അതിന്റെ അടിസ്ഥാനത്തിൽ എനിക്കെതിരെ ഏർപ്പെടുത്തിയ ശിക്ഷയും സസ്പെൻഷനും നിലനിൽക്കില്ല കൂടാതെ, ഒരു നിയമവിരുദ്ധ സസ്പെൻഷൻ **"eligible leave"** ആയി മാറ്റാൻ മാനേജർക്കു അധികാരമില്ല. അനാവശ്യമായ നടപടികൾ മൂലം ഞാൻ ഗുരുതരമായ മാനസിക ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ആയതിനാൽ സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ അപേക്ഷ തള്ളിക്കളയുകയും, **12.10.2023** മുതൽ **11.04.2024** വരെ എന്നെ സസ്പെൻഡ് ചെയ്ത കാലയളവ് "ഡ്യൂട്ടിയായി" കണക്കാക്കി ശമ്പളം, ഇൻക്രിമെന്റുകൾ, സർവീസ് കണ്ടിന്യുയിറ്റി ഉൾപ്പെടെ എല്ലാ സേവനപരവും സാമ്പത്തികവുമായ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ഇതനുസരിച്ചുള്ള അനുബന്ധ ഉത്തരവുകൾ സ്കൂൾ മാനേജർ അടിയന്തിരമായി പുറപ്പെടുവിക്കാൻ നിർദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

4.ശ്രീ ഡോൺസൺ ജേക്കബിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

**i.** നൈറ്റ് വാച്ചർ ഡ്യൂട്ടി ചെയ്യാൻ ബാധ്യതയുള്ള **OA**മാരെ ഒഴിവാക്കി പ്രസ്തുത ഡ്യൂട്ടി ചെയ്യാൻ ബന്ധപ്പെട്ട ഉത്തരവ് പോലും നോട്ട് ചെയ്യാതെ പ്രിൻസിപ്പൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയപ്പോൾ റൂൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ കൊടുത്ത മറുപടി അച്ചടക്ക ലംഘനമല്ല. ബഹുമാനപ്പെട്ട കോടതിവിധിയിലൂടെയും സർക്കാർ ഉത്തരവിലൂടെയും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് **(G.O no 1573/2025 dtd 24-2-2025).** ഇവിടെയൊരു സസ്പെൻഷന്റെ കാരണമോ സാഹചര്യമോ ഇല്ല. സ്കൂൾ മാനേജർ സ്വീകരിച്ച സസ്പെൻഷൻ, നടപടിക്രമങ്ങൾ പാലിക്കാതെ ഉള്ളതാണ്. എട്ടാം ക്ലാസ് മുതൽ മാത്രം വിദ്യാർത്ഥികളുള്ള ഞങ്ങളുടെ സ്കൂളിൽ നാല് മിനിസ്റ്റീരികൾ സ്റ്റാഫുകൾ ഉണ്ടായിരുന്നു. അതിൽ മൂന്ന് ക്ലാസ് ഫോർ ജീവനക്കാരും പുരുഷന്മാരായിരുന്നു. നൈറ്റ് വാച്ചർ ജോലി ചെയ്യാൻ മാനേജർ വാക്കാലോ രേഖാമൂലമോ എന്നോട് ആവശ്യപ്പെട്ടിട്ടില്ല. സസ്പെൻഷന് ആർ ഡി ഡി -ൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. സസ്പെൻഷൻ ചെയ്യപ്പെടുമെന്ന് മുന്നറിയിപ്പ് നൽകിയില്ല.

**ii.** ഒമ്പതാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ പരീക്ഷ

നടത്തിപ്പിന് സഹായിച്ചു കൊണ്ടിരുന്ന എന്നെ, മാനേജരുടെ പ്രതിനിധിയായ ശ്രീ മാത്യൂ അഗസ്റ്റ്യൻ സ്കൂളിൽ എത്തി സസ്പെൻഷൻ ഓർഡർ കൈപ്പറ്റിയതായി നിർബന്ധപൂർവ്വം ഒപ്പിടിപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളത്. മാനേജരെ നേരിൽ കാണാൻ അനുമതി നിഷേധിക്കുകയും പേപ്പറിൽ തരുന്ന സസ്പെൻഷൻ ഓർഡറും കുറ്റപത്രത്തിനും പേപ്പറിൽ മറുപടി തന്നാൽ മതിയെന്ന് നിഷ്കർഷിക്കുകയും ചെയ്തു. ആയതിനാൽ ഈ പ്രതിനിധി വഴി അപേക്ഷകൾ മാനേജർക്ക് കൈമാറേണ്ടി വന്നു. ഒരിക്കൽ പോലും ഈ കാലയളവിൽ മാനേജരെ നേരിൽ കാണാൻ അനുമതി തന്നില്ല. എന്റെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടു.

**iii.** എന്റെ സസ്പെൻഷൻ നടപടിയിൽ പ്രധാന അന്വേഷണ ഉദ്യോഗസ്ഥയും, അപ്പീൽ അധികാരിയും കോട്ടയം ആർ ഡി ഡി തന്നെ ആയിരുന്നു. **15** ദിവസത്തെ സസ്പെൻഷൻ മാത്രം അംഗീകാരം കൊടുക്കുകയും, വിശദമായ അന്വേഷണത്തിനുശേഷം കോട്ടയം ആർ ഡി ഡി നടപടികൾ റദ്ദ് ചെയ്യുകയും ഡ്യൂട്ടി ചെയ്യേണ്ട **O.A** മാർ ഡ്യൂട്ടി ചെയ്ത്ിട്ടില്ല എന്ന് കണ്ടെത്തുകയും **30/05/2024** പരിപത്രം ഇറക്കുകയും ചെയ്തിട്ടുള്ളതാണ്. വസ്തുതകൾ ഇങ്ങനെയായിരിക്കെ രണ്ടുവർഷമായി ഇൻഗ്രിമെന്റ് ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ തടയപ്പെട്ട ഞാൻ മാനസികമായി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ആയതിനാൽ എന്റെ സസ്പെൻഷൻ റദ്ദ് ചെയ്തു **12/10/2023** മുതൽ **11/04/2024** വരെയുള്ള കാലയളവ് എല്ലാവിധ സർവീസ് ആനുകൂല്യങ്ങളോടും കൂടിയ ഡ്യൂട്ടി ആയി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

5. മാനേജറുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

**i.** ഏന്തയാർ ജെ.ജെ.മർഫി മെമ്മോറിയൽ എച്ച്.എസ്.എസിൽ **2023** ഒക്ടോബർ **9**-ാം തീയതി മുതൽ ആരംഭിച്ച പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ചോദ്യക്കടലാസുകൾ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ, ചോദ്യക്കടലാസുകളുടെ സുരക്ഷയും, വിശ്വസ്തതയും ഉറപ്പ് വരുത്തുന്നതിലേക്കായി **03-10-2023** മുതൽ **13-10-2023** വരെ ഈ വിദ്യാലയത്തിലെ ലാബ് അസിസ്റ്റന്റുമാരായ ശ്രീ. ഡോൺസൺ ജേക്കബ്, ശ്രീ ബിജു ജോസഫ് എന്നിവരോട് നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി നിർവ്വഹിക്കുവാൻ സ്കൂൾ പ്രിൻസിപ്പൽ രേഖാമൂലം നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ രണ്ട് ലാബ് അസിസ്റ്റന്റുമാരും, പ്രിൻസിപ്പലിന്റെ നിർദ്ദേശം പാലിക്കാൻ തയ്യാറായില്ല എന്ന് മാത്രമല്ല തികച്ചും ധിക്കാരപരവും, നിഷേധാത്മാകവുമായ രീതിയിൽ പ്രിൻസിപ്പലിനോട് മറുപടി നൽകുകയും ചെയ്യുകയുണ്ടായി. കൂടാതെ **2022** മാർച്ച്, **2023** മാർച്ച്

മാസങ്ങളിൽ നടന്ന ഹയർ സെക്കണ്ടറി പൊതുപരീക്ഷ വേളകളിലും നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി നിർവ്വഹിക്കുവാൻ പ്രിൻസിപ്പൽ രണ്ട് ലാബ് അസിസ്റ്റന്റുമാർക്കും നിർദ്ദേശം നൽകുകയുണ്ടായെങ്കിലും കുറ്റാരോപിതരായ രണ്ടുപേരും പ്രസ്തുത നിർദ്ദേശം പാലിക്കുവാൻ തയ്യാറാകുകയുണ്ടായില്ല. **19-03-2021** ലെ എക്സാം-**1(2)915**/ഡിജിഇ **15-03-2022** ലെ സർക്കുലർ നമ്പർ **Ex-1/1/4586/HSE/2021** നമ്പർ സർക്കലറുകളിൽ ഹയർ സെക്കണ്ടറി പരീക്ഷ നടത്തിപ്പിന്റെ സുരക്ഷിതത്വവും, വിശ്വസ്തതയും സംരക്ഷിക്കുന്നതിലേക്കായി ലാബ് അസിസ്റ്റന്റുമാരെ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടിക്ക് നിയോഗിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ **04-10-2023** ലെ സ.ഉ.(സാധാ)നം. **5761/2023**/പൊ.വി.വ. ഉത്തരവിലൂടെ ഹയർ സെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റൻറുമാരെ ഹയർ സെക്കണ്ടറി പരീക്ഷാ സെന്ററിന്റെ നൈറ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**ii.** ഇപ്രകാരം ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിൽ കുറ്റകരമായ വീഴ്ചവരുത്തുകയും, സ്ഥാപനമേധാവിയുടെയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും നിർദ്ദേശങ്ങൾ ധിക്കരിക്കുകയും, ഏറ്റവും സുരക്ഷിതവും, കാര്യക്ഷമവുമായി നടത്തേണ്ട പരീക്ഷ നടത്തിപ്പിന് തടസ്സം വരുത്തുന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്ത ലാബ് അസിസ്റ്റന്റുമാരായ ശ്രീ. ഡോൺസൺ ജേക്കബ്, ശ്രീ. ബിജു ജോസഫ് എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **12-10-2023** തിയതി പ്രാബല്യത്തിൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് കോട്ടയം ഹയർ സെക്കണ്ടറി മേഖലാ ഉപമേധാവി സസ്പെൻഷനാധാരമായ കാരണങ്ങളെ സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തുകയും, **25-10-2023** ലെ **RDDHSE/KTM/2222/2023-A4** നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഷൻ നടപടി സാധൂകരിക്കുകയും, അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിനായി സസ്പെൻഷൻ 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുവാൻ അനുമതി നൽകുകയും ചെയ്തു. അച്ചടക്കനടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപിതർക്ക് കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകി, പ്രതിവാദപത്രിക സമർപ്പിക്കുവാൻ ചട്ടം അനുശാസിക്കും പ്രകാരമുള്ള സമയപരിധി അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിലെ വിശദീകരണം തൃപ്തികരമായിരുന്നില്ല എന്ന് മാത്രമല്ല, കടുത്ത അച്ചടക്കനടപടി അനിവാര്യമാക്കുന്ന തരത്തിലുള്ളതുമായിരുന്നു. ആകയാൽ അച്ചടക്ക

നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 75 പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കോട്ടയം മേഖലാ ഉപമേധാവിക്ക് അപേക്ഷ സമർപ്പിക്കുകയും, അതിൻപ്രകാരം വിശദമായ അന്വേഷണം നടത്തി 23-02-2024 ലെ RDDHSE/KTM/2222/2023-A4 പ്രകാരം അന്വേഷണ റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതരായ ലാബ് അസിസ്റ്റന്റുമാർക്കെതിരെ കുറ്റപത്രത്തിൽ ഉന്നയിച്ച എല്ലാ ചാർജുകളും നിലനിൽക്കുന്നതാണെന്ന് കണ്ടെത്തുകയുണ്ടായി.

iii. ഇപ്രകാരം കുറ്റാരോപിതരായ ലാബ് അസിസ്റ്റൻറുമാർക്കെതിരെ തെളിയിക്കപ്പെട്ട കുറ്റങ്ങളുടെ ഗൗരവത്തിന് ആനുപാതികമായി ശ്രീ ഡോൺസൺ ജേക്കബ്, ശ്രീ ബിജു ജോസഫ് എന്നിവരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 65 (ii) പ്രകാരം സഞ്ചിതപ്രാബല്യത്തോടെ തടയുകയും, ടി നടപടിക്ക് സാധൂകരണം നൽകുവാൻ കോട്ടയം മേഖലാ ഉപമേധാവിയോടു അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 30-01-2024 ലെ WA No. 103/2024 വിധിന്യായപ്രകാരം ലാബ് അസിസ്റ്റന്റുമാർ ക്ലാസ് IV ജീവനക്കാരല്ലാത്തതിനാൽ നൈറ്റ് ഡ്യൂട്ടി ഒഴിവാക്കി നൽകുവാൻ ഉത്തരവായിട്ടുണ്ട് എന്ന കാരണം രേഖപ്പെടുത്തി അച്ചടക്ക നടപടിക്ക് സാധൂകരണം നിരാകരിക്കുകയുണ്ടായി. കൂടാതെ കുറ്റാരോപിതരായ ലാബ് അസിസ്റ്റന്റുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 25245/2024 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 25-07-2024 ലെ വിധിന്യായത്തിലെ നിർദ്ദേശാനുസരണം നടത്തിയ കൂടിക്കാഴ്ചപ്രകാരം പുറപ്പെടുവിച്ച 11-12-2024 -ലെ ഉത്തരവിൽ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി കോട്ടയം മേഖലാ ഉപമേധാവിയുടെ കാര്യാലയം വഴിയല്ല സമർപ്പിച്ചിട്ടുള്ളത്, മാത്രവുമല്ല കുറ്റാരോപിതരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അച്ചടക്കനടപടി പൂർത്തീകരിച്ചിട്ടില്ല എന്ന മാനേജരുടെ വാദം നിലനിൽക്കുന്നതല്ല. ആകയാൽ ലാബ് അസിസ്റ്റന്റുമാരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് നൽകുവാൻ നിർദ്ദേശം നൽകുകയുണ്ടായി.

iv. എയ്ഡഡ് സ്കൂൾ ലാബ് അസിസ്റ്റന്റുമാർക്ക് പരീക്ഷ ചോദ്യക്കടലാസുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് നൈറ്റ് ഡ്യൂട്ടി ഏർപ്പെടുത്തിക്കൊണ്ടുള്ള 04-10-2023 ലെ സ.ഉ.(സാധാ)നം.5761/2023/പൊ.വി.വ. നമ്പർ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം

പുനപരിശോധിച്ച് റദ്ദ് ചെയ്തത് 24-02-2025 ലെ സ.ഉ.(സാധാ) നം. 1573/2025/പൊ.വി.വ. പ്രകാരമാണ്. 24-02-2025ൽ പുറപ്പെടുവിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നല്കിയിട്ടില്ലാത്തതിനാൽ ഉത്തരവ് തീയതി മുതൽ മാത്രമെ പ്രാബല്യം വരുന്നുള്ളൂ. കൂടാതെ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 75 പ്രകാരം നടത്തിയ വിശദമായ അന്വേഷണത്തിൽ കുറ്റാരോപിതർക്കെതിരെ ചുമത്തപ്പെട്ട എല്ലാ കുറ്റങ്ങളും പൂർണ്ണമായും ശരിയാണെന്ന് തെളിഞ്ഞിട്ടുള്ളതുമാണ്. അതിൻപ്രകാരം കടുത്ത അച്ചടക്കലംഘനം നടത്തിയ കുറ്റാരോപിതർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി അവർക്കെതിരെ തെളിയിക്കപ്പെട്ട കുറ്റങ്ങളുടെ ഗൗരവത്തിന് ആനുപാതികം മാത്രമായിട്ടാണ്. കൂടാതെ കെ.എസ്.ആർ. ഭാഗം I ചട്ടം 56 പ്രകാരം അച്ചടക്കനടപടിക്ക് വിധേയരായ ജിവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ. ഏന്തയാർ ജെ.ജെ. മർഫി മെമ്മോറിയൽ എച്ച്.എസ്.എസിലെ ലാബ് അസിസ്റ്റന്റുമാരായ ശ്രീ ഡോൺസൺ ജേക്കബ്, ശ്രീ ബിജു ജോസഫ് എന്നിവരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞ മാനേജരുടെ അച്ചടക്ക നടപടിക്ക് വകുപ്പുതല സാധൂകരണം ലഭിച്ചു കഴിയുമ്പോൾ മാത്രമെ അച്ചടക്കനടപടി പൂർത്തീകരിക്കപ്പെടുകയുള്ളൂ. അതിന് ശേഷം മാത്രം സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുവാൻ ചട്ടപ്രകാരം കഴിയുകയുള്ളൂ. കൂടാതെ അച്ചടക്ക നടപടിക്കുവിധേയരായ ജീവനക്കാർ ശിക്ഷാനടപടിക്കെതിരെ അപ്പീൽ നൽകുമ്പോൾ, മാനേജർ മുഖാന്തിരം അപ്പീൽ സമർപ്പിക്കണമെന്നാണ് കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 84 ൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ മേഖലാ ഉപമേധാവിയുടെ ഉത്തരവിനെതിരെ ചട്ടം 92 പ്രകാരം സമർപ്പിക്കുന്ന റിവിഷൻ ഹർജി ഉചിതമാർഗ്ഗേന സമർപ്പിക്കണമെന്ന് അദ്ധ്യായം XIV ൽ നിഷ്ക്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ റിവിഷൻ ഹർജി അനുവദിച്ചുകൊണ്ട് ഏന്തയാർ ജെ.ജെ. മർഫി മെമ്മോറിയൽ എച്ച്.എസ്.എസിലെ ലാബ് അസിസ്റ്റന്റു മാരായ ശ്രീ. ഡോൺസൺ ജേക്കബ്, ശ്രീ. ബിജു ജോസഫ് എന്നിവരുടെ രണ്ട് വാർഷിക ഇൻക്രിമെന്റു കൾ സഞ്ചിതപ്രാബല്യത്തോടെ തടഞ്ഞ നടപടി തികച്ചും നിയമാനുസൃതവും, തെളിയിക്കപ്പെട്ട കുറ്റത്തിന് ആനുപാതികവുമാകയാൽ മേൽ നടപടികൾക്ക് സാധൂകരണം നൽകി ഉത്തരവാകണമെന്നഭ്യർത്ഥിക്കുന്നു.

6. ടി വിഷയം സംബന്ധിച്ച് കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ പരാമർശം (5) പ്രകാരവും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരവും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജെ.ജെ.

മർഫി മെമ്മോറിയൽ എച്ച്.എസ്.എസ് ലെ ലാബ് അസിസ്റ്റന്റുമാരായ ശ്രീ ബിജു ജോസഫ്, ശ്രീ ഡോൺസൺ ജേക്കബ്ബ് എന്നിവർ ചോദ്യപേപ്പർ സൂക്ഷിക്കുന്നതിനായി നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി നിർവ്വഹിക്കണമെന്ന പ്രിൻസിപ്പലിന്റെ നിർദ്ദേശം രേഖാമൂലം നിഷേധിച്ചതിനെ തുടർന്ന് ഹയർ സെക്കൻററി പരീക്ഷാ നടത്തിപ്പിന് തടസ്സം നിൽക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ. ഇ ആർ. അധ്യായം 14 എ ചട്ടം 67 (8) പ്രകാരം 12/10/2023 തീയതി പ്രാബല്യത്തിൽ ടി ജീവനക്കാരെ സേവനത്തിൽ നിന്നും സസ്പെൻഡു ചെയ്യുകയും സസ്പെൻഷന് ആധാരമായ കാരണങ്ങളെ കുറിച്ച് പ്രാഥമികാന്വേഷണം നടത്തുകയും സസ്പെൻഷൻ നടപടി സാധൂകരിക്കുകയും സസ്പെൻഷൻ കാലയളവ് 15 ദിവസത്തിനപ്പുറത്തേക്ക് ദീർഘിപ്പിക്കുന്നതിനു അനുമതി നൽകുകയും ചെയ്തിരുന്നു.

7.ടി ലാബ് അസിസ്റ്റൻറുമാർക്ക് മാനേജർ കുറ്റാരോപണപത്രികയും കുറ്റപത്രവും പ്രതിവാദപത്രിക നൽകുകയും അതിന്മേൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കുറ്റപത്രത്തിലെ ആരോപണങ്ങൾ സംബന്ധിച്ച് കെ. ഇ ആർ. അധ്യായം 14 എ ചട്ടം 75 പ്രകാരം ആർഡിഡി വിശദമായ അന്വേഷണം നടത്തുകയും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി പൂർത്തീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ടി നടപടിക്ക് സാധൂകരണം നൽകാൻ മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ബഹു. ഹൈക്കോടതിയുടെ WA NO 103 OF 2024 മേലുള്ള 30/01/2024 തീയതിയിലെ വിധിന്യായ പ്രകാരം ലാബ് അസിസ്റ്റൻറുമാർ ക്ലാസ് ഫോർ ജീവനക്കാരനല്ലാത്തതിനാൽ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി ഒഴിവാക്കി നൽകാൻ ഉത്തരവായതിനെത്തുടർന്ന് ആയതു അംഗീകരിച്ചിരുന്നില്ല. 14/05/2024 തീയതിയിലെ RDDHSE/KTM/2222/2023-A4 നം ഉത്തരവ് പ്രകാരം മാനേജരുടെ ശിക്ഷാനടപടി നിരസിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സമയത്ത് ടി ജീവനക്കാർ മാനേജരുടെ നടപടിക്കെതിരെ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി.

8. തുടർന്ന് ശ്രീ ബിജു ജോസഫ്, ശ്രീ ഡോൺസൺ ജേക്കബ്ബ് എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചു നൽകുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള ആർഡിഡിയുടെ ഉത്തരവിനെതിരെ മാനേജർ സർക്കാരിൽ കൊടുത്ത റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനു നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ ബിജു ജോസഫ്, ശ്രീ ഡോൺസൺ ജേക്കബ്ബ് എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ

ചെയ്ത WPC 25245/2024 റിട്ട് ഹർജിയിന്മേലുള്ള 25/7/2024 തീയതിയിലെ വിധിന്യായത്തിൽ മാനേജരേയും ഹർജിക്കാരേയും നേരിൽ കേട്ടതിനുശേഷം ടി ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി നിയമപരമായി പരിശോധിച്ച് ഉചിതമായ ഉത്തരവു പുറപ്പെടുവിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരേയും മാനേജരേയും 24/9/2025 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. ടി ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി പൂർത്തീകരിച്ച ഉത്തരവ് നിരാകരിച്ചതിനെതിരെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതായി മാനേജർ പ്രസ്തുത ഹിയറിംഗിൽ അറിയിച്ചിരുന്നു. ടി ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതപ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി പൂർത്തീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പൂർത്തീകരിച്ചിട്ടില്ലായെന്നുള്ള മാനേജരുടെ വാദം നിലനിൽക്കുന്നതല്ലാത്തതിനാൽ ശ്രീ ബിജു ജോസഫ്, ശ്രീ ഡോൺസൺ ജേക്കബ്ബ് എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചു നൽകുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി വിധിന്യായം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

9. ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദങ്ങൾ, കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നവരുടെ അഭിപ്രായം, ലഭ്യമായ രേഖകൾ, ബന്ധപ്പെട്ട കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു.

10. 2023 ഒക്ടോബറിൽ നടന്ന പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷാ സമയത്ത് ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതിനായി Night Watchman Duty ചെയ്യാൻ ലാബ് അസിസ്റ്റന്റുമാരായ ശ്രീ. ബിജു ജോസഫിനോടും ശ്രീ. ഡോൺസൺ ജേക്കബിനോടും പ്രിൻസിപ്പൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തങ്ങളുടെ ഔദ്യോഗിക ചുമതലകളിൽ ഈ ജോലി ഉൾപ്പെടുന്നില്ലെന്ന് ചൂണ്ടിക്കാട്ടി അവർ ഈ ഡ്യൂട്ടി നിരസിച്ചു. ഇതിനെ തുടർന്നാണ് KER അധ്യായം XIV A ചട്ടം 67 (8) പ്രകാരം 12/10/2023-ൽ മാനേജർ ഇവരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തത്. ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ KER അധ്യായം XIV A ചട്ടം 75 പ്രകാരം വിശദമായ അന്വേഷണം നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 65 (ii) പ്രകാരം ജീവനക്കാരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവെച്ചുകൊണ്ട് മാനേജർ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

11. ലാബ് അസിസ്റ്റന്റുമാർ ക്ലാസ് IV ജീവനക്കാരല്ലെന്നും, നൈറ്റ് വാച്ച്മാൻ ജോലി അവരുടെ ഔദ്യോഗിക ചുമതലകളിൽ

ഉൾപ്പെടുന്നില്ലെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. സ്കൂളിൽ ക്ലാസ് IV ജീവനക്കാർ ലഭ്യമായിരിക്കെ ലാബ് അസിസ്റ്റന്റുമാരെ ഇത്തരം ജോലികൾക്ക് നിയോഗിക്കുന്നത് ചട്ടവിരുദ്ധമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോട്ടയം മേഖല ഉപമേധാവി നടത്തിയ അന്വേഷണത്തിൽ, മാനേജറുടെ ശിക്ഷാ നടപടി തെറ്റാണെന്ന് കണ്ടെത്തുകയും ചെയ്തു. മാനേജർ നൽകിയ ശിക്ഷാ നടപടിക്ക് ആർ.ഡി.ഡി അംഗീകാരം നൽകിയില്ല. മാനേജർ നൽകിയ ശിക്ഷാ നടപടി ആർ.ഡി.ഡി റദ്ദാക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ഉത്തരവിടുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ക്ലാസ് IV ജീവനക്കാരുടെ അഭാവത്തിൽ മാത്രമേ ലാബ് അസിസ്റ്റന്റുമാരുടെ സേവനം ഉപയോഗിക്കാവൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

12. പൊതുപരീക്ഷകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടത് സ്കൂൾ പ്രിൻസിപ്പലിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. അടിയന്തരവും ഒഴിവാക്കാനാകാത്തതുമായ സാഹചര്യങ്ങളിൽ, സ്ഥാപന താൽപര്യം സംരക്ഷിക്കുന്നതിനായി ജീവനക്കാരെ താൽക്കാലികമായി അധിക ചുമതലകൾ ഏൽപ്പിക്കാനുള്ള അധികാരം പ്രിൻസിപ്പലിനുണ്ട്. ഔദ്യോഗിക നിർദ്ദേശം അനുസരിക്കാതിരുന്നതും പരീക്ഷാ നടത്തിപ്പിന് തടസ്സം സൃഷ്ടിച്ചുവെന്ന ആരോപണവും ഔദ്യോഗിക ചുമതലകളോട് ബന്ധപ്പെട്ട അനുസരണക്കേടായി പരിഗണിക്കാവുന്നതാണ്. ആയത് പ്രകാരം മാനേജർ അച്ചടക്ക നടപടി ആരംഭിച്ചത് ക്രമപ്രകാരമാണ്. എങ്കിലും WA No.103/2024 ലെ വിധിപ്രകാരം, നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി ലാബ് അസിസ്റ്റന്റിന്റെ സാധാരണ ചുമതലയിലില്ല എന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതിനാൽ ലാബ് അസിസ്റ്റന്റുമാരുടെ സേവന ചട്ടങ്ങളിൽ ഉൾപ്പെടാത്തതും അധികാരപരിധിക്ക് പുറത്തുള്ളതുമായ ഒരു നിർദ്ദേശം അനുസരിക്കാതിരുന്നത് അച്ചടക്കലംഘനമോ "willful disobedience" ആയോ കണക്കാക്കാൻ കഴിയില്ല. കോടതി തന്നെ ആ നിർദ്ദേശം നിയമപരമായി അസാധുവാണെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ, അത്തരം നിർദ്ദേശം പാലിക്കാത്തതിന് ജീവനക്കാരെ കുറ്റക്കാരാക്കുന്നത് നിയമപരമായി നിലനിൽക്കില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത അച്ചടക്ക നടപടി റദ്ദ് ചെയ്യേണ്ടതുണ്ട്. മാത്രവുമല്ല സ്കൂളിൽ ക്ലാസ് IV ജീവനക്കാർ ലഭ്യമായിരുന്നിട്ടും അവരെ ഒഴിവാക്കി ലാബ് അസിസ്റ്റന്റുമാരെ മാത്രം ഡ്യൂട്ടിക്ക് നിയോഗിച്ചത് ശരിയായ നടപടിയല്ല.

13. മേൽ സാഹചര്യത്തിൽ, കോട്ടയം ജില്ലയിലെ ഏന്തയാർ ജെ.ജെ മർഫി എച്ച്.എസ്.എസ് ലെ ലാബ് അസിസ്റ്റന്റുമാരായ ശ്രീ ബിജു ജോസഫ്, ശ്രീ ഡോൺസൺ ജേക്കബ് എന്നിവർക്കെതിരായ അച്ചടക്ക നടപടിക്ക് സാധൂകരണം നൽകണമെന്നും ടി ജീവനക്കാരുടെ

സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

**14.** മേൽ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി റദ്ദ് ചെയ്ത് ബഹു: ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള അനുബന്ധ ഉത്തരവുകൾ അടിയന്തരമായി പുറപ്പെടുവിക്കുന്നതിന് സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകുന്നു.

**15.** ശ്രീ ബിജു ജോസഫ് ഫയൽ ചെയ്ത **WPC 15884/2025** നമ്പർ റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ **31.07.2025**-ലെ വിധിന്യായം അപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം
മേഖലാ ഉപഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, കോട്ടയം
ശ്രീ ബിജു ജോസഫ്, ലാബ് അസിസ്റ്റന്റ്, ജെ.ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, ഏന്തയാർ
ശ്രീ ഡോൺസൺ ജേക്കബ്, ലാബ് അസിസ്റ്റന്റ്, ജെ.ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, ഏന്തയാർ
മാനേജർ, ജെ.ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, ഏന്തയാർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി **(DA3/108/2024-G.EDN)**

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 11-03-2026 12:54:46

പകർപ്പ് :

ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എക്ക്